പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1864 01.02.2018 ൽ മറുപടിയ്ക്ക്

## മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ ഗ്രേഡ് II തസ്തികയിലെ റാങ്ക് ലിസ്റ്റ്

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | ആരോഗ്യവകുപ്പിൽ മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് എന്നാണ് പ്രബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ആരോഗ്യവകുപ്പിൽ മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് 21.07.2015 ന് പ്രബല്യത്തിൽ വന്നു. |
| (ബി) | പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെയായി എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്; ഇവരുടെ സംവരണക്രമം അനുസരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ; | (ബി) | ലിസ്റ്റിൽ നിന്നും 30 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. സംവരണക്രമം അനുസരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു<br>ഒ.സി വിഭാഗത്തിൽ റാങ്ക് 23 വരെയും ഈഴവ/തിയ്യ/ബില്ലവ വിഭാഗത്തിൽ റാങ്ക് 37 വരെയും എസ്.സി വിഭാഗത്തിൽ റാങ്ക് 27 വരെയും ഒ ബി സി വിഭാഗത്തിൽ റാങ്ക് 33 വരെയും എസ് ഐ യു സി നാടാർ വിഭാഗത്തിൽ റാങ്ക് 22 വരെയും (ഒ.സി യ്ക്കുള്ളിൽ) ഒ.എക്സ് വിഭാഗത്തിൽ റാങ്ക് 18 വരെയും ( ഒ.സി യ്ക്കുള്ളിൽ) ഉള്ളവർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.<br>റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുസ്ലിം,വിശ്വകർമ്മ വിഭാഗത്തിലുള്ള എല്ലാപേർക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്.<br>എസ്.ടി,എൽ.സി/ആംഗ്ലോ ഇന്ത്യൻ, ഹിന്ദു നാടാർ,ധീവര വിഭാഗത്തിലുള്ളവർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. |
| (സി) | റാങ്ക് ലിസ്റ്റിൽ നിന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥിയ്ക്ക് നിയമനം ലഭിക്കണമെങ്കിൽ എത്ര ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്യണം; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | നിയമനാധികാരി റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ സംവരണാനുപാതക്രമം പാലിച്ച് (50% Rule) റൊട്ടേഷൻ ചാർട്ട് പ്രകാരം നിലവിലുള്ള ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായാണ് നികത്തുന്നത്. ഇപ്പോൾ മെയിൻ റൊട്ടേഷൻ II- 25 OC യിൽ ആണ് നിയമന ശിപാർശ നിൽക്കുന്നത്. അടുത്ത എസ്.സി ഊഴം മെയിൻ റൊട്ടേഷൻ II 32 എസ്.സി യിൽ ആണ് വരുന്നത്. എസ് സി വിഭാഗം ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള ഊഴം എത്തുന്നതിലേക്കാവശ്യമുള്ള ഒഴിവുകളുടെ എണ്ണം മുൻകൂട്ടി പറയാനാകില്ല. നിലവിൽ റാങ്ക് നമ്പർ 27 വരെയുള്ള പട്ടിക ജാതി വിഭാഗം ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ